# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5742 — 18.11.2019-ൽ മറുപടിക്ക്

## മേലൂർ വട്ടക്കോട്ട സംരക്ഷിക്കാൻ നടപടി

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ വട്ടക്കോട്ടയിലെ കോട്ടയുടെ അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ നെട്ടുകോട്ടയുടെ ഭാഗമായ വട്ടക്കോട്ട സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ചാലക്കുടി മണ്ഡലത്തിൽ പുരാവസ്തു/മ്യൂസിയം വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (ബി) | ചാലക്കുടി ആസ്ഥാനമായിട്ടുണ്ടായിരുന്നതും, പൈതൃകമൂല്യം ഏറെയുള്ളതുമായ ചാലക്കുടി ട്രാംവേയുടെ ചരിത്രം അധിഷ്ഠിതമാക്കി ഒരു ട്രാംവേ മ്യൂസിയം ചാലക്കുടിയിൽ സ്ഥാപിക്കണമെന്ന ബഹുമാനപ്പെട്ട ചാലക്കുടി എം.എൽ.എ യുടെ ആവശ്യം പരിഗണിച്ച് അത്തരം ഒരു പദ്ധതിക്കായി പുരാവസ്തു വകുപ്പ് തയ്യാറെടുപ്പ് തുടങ്ങിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിലേക്കായി ട്രാംവേയുടെ പഴയ വർക്ക്ഷോപ്പ് നിന്ന സ്ഥലത്ത് നിലവിലെ ഷെഡ് ഉൾപ്പെടെ 50 സെന്റ് സ്ഥലം പുരാവസ്തു വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. അവിടെ സ്ഥിതി ചെയ്യുന്ന കെട്ടിടം നവീകരിക്കാനും മ്യൂസിയം സജ്ജീകരിക്കുന്നതിന് യോഗ്യമാക്കുന്നതിനും വേണ്ടി മ്യൂസിയം സജ്ജീകരിക്കുന്ന നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ